## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4752**

**23.07.2015 - ൽ മറുപടിക്ക്**

### മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട്മെന്റ്

ചോദ്യം
ശ്രീ. എ.എം. ആരിഫ്

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി എത്ര പേർക്ക് മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) : | ജില്ലാ വ്യവസായ കേന്ദ്രം വഴി ആലപ്പുഴ ജില്ലയിൽ 3 പേർക്കും തൃശ്ശൂർ ജില്ലയിൽ 4 പേർക്കും മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | മുൻഗണനാ ലിസ്റ്റ് തെറ്റിച്ചതിന്റെ പേരിൽ എത്ര കേസുകൾ വിവിധ കോടതികളിൽ നടക്കുന്നുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) : | മുൻഗണനാ ലിസ്റ്റ് തെറ്റിച്ചതിന്റെ പേരിൽ മൂന്നു കേസുകൾ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്.<br><br>1.WP(C) No. 25703/2011 - മെ. എ.എസ്. ട്രേഡേഴ്സിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. സലാവുദ്ദീൻ ഫയൽ ചെയ്തത്.<br><br>2. WP(C) No. 35160/2014 - മെ. ഷിൻവർ വയേഴ്സ് ലിമിറ്റഡിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. എം.എസ്. അനസ്സ് ഫയൽ ചെയ്തത്.<br><br>3. WP(C) No. 5993/2015 - മെ. ഷിൻവർ വയേഴ്സ് ലിമിറ്റഡിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. സലാവുദ്ദീൻ ഫയൽ ചെയ്തത്. |
| (സി) | മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്യാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കാമോ ? | (സി) : | വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നു മാത്രമാണ് മുൻഗണനാ ലിസ്റ്റ്. അപേക്ഷകൻ സമർപ്പിക്കുന്ന വിശദമായ പ്രോജക്റ്റ് |

റിപ്പോർട്ട്, നിക്ഷേപ സാദ്ധ്യത, തൊഴിലവസരങ്ങൾ, സ്ഥലത്തിന്റെ ആവശ്യകത, വിദേശനാണ്യ വരവ് തുടങ്ങീ ഒട്ടേറെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്താണ് ഭൂമി അനുവദിക്കുന്നത്. അപേക്ഷകന് അനുവദിച്ച ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നത് ഒഴിവാക്കാനാണ് മുൻഗണനാ ലിസ്റ്റ് ഉൾപ്പടെയുള്ള മാനദണ്ഡങ്ങൾ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലിനീകരണ പ്രശ്നത്തെ തുടർന്ന് തദ്ദേശ വാസികൾ യൂണിറ്റിന്റെ പ്രവർത്തനം തടയുക, യൂണിറ്റുകളുടെ പദ്ധതി പൂർണമായി നടപ്പിലാക്കുന്നതിനു വേണ്ടി കൂടുതൽ സ്ഥലം അനുവദിക്കുക, റോഡ് വികസനത്തിന് സ്ഥലം നൽകിയതിനു പകരം സ്ഥലം അനുവദിക്കുക എന്നീ സാഹചര്യങ്ങൾ മൂലമാണ് മുൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്യേണ്ടിവന്നത്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

1. ആലപ്പുഴ ജില്ല.

1) മെ. എ.എസ്. ട്രേഡേഴ്സ്, വികസന ഏരിയ, അരൂർ

മെ. എ.എസ്. ട്രേഡേഴ്സിന്, അരൂർ വികസന ഏരിയയിൽ 25 സെന്റ് അനുവദിച്ചിട്ടുണ്ട്. പുന്നപ്രയിൽ ജനവാസമേഖലയിൽ പ്രവർത്തിച്ചിരുന്ന കൈറ്റിൻ നിർമ്മാണ യൂണിറ്റായിരുന്നു. മെ. എ.എസ്. ട്രേഡേഴ്സ് യൂണിറ്റിൽ നിന്നുണ്ടായ മലിനീകരണ പ്രശ്നത്തെ തുടർന്ന് തദ്ദേശവാസികൾ ടി യൂണിറ്റിന്റെ പ്രവർത്തനത്തെ തടയുകയും അതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് ടി യൂണിറ്റിന് സ്ഥലം അനുവദിച്ചത്.

2) മെ. സോഴ്സ് വൺ എക്സ്പോർട്ട്സ്. വികസന ഏരിയ, അരൂർ

അരൂർ വികസന ഏരിയയിൽ മെ. സോഴ്സ് വൺ എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന് 30 സെന്റ് സ്ഥലം അനുവദിച്ചിരുന്നു. ടി യൂണിറ്റിന്റെ പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് മെ. അരൂർ സ്റ്റീലിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 30 സെന്റ് സ്ഥലം കൂടി അനുവദിക്കണമെന്ന് യൂണിറ്റിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അലോട്ട് മെന്റ് നടത്തിയത്.

3) മെ. ഷിൻവാർ വയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, വികസന ഏരിയ, അരൂർ

അരൂർ വികസന ഏരിയയിൽ മെ. ഷിൻവാർ വയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് ടി യൂണിറ്റിന്റെ വികസന പ്രവർത്തനത്തിനായി യൂണിറ്റിന്റെ നിലവിലുള്ള സ്ഥലത്തോട് ചേർന്നു കിടക്കുന്ന 25 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്.

2. തൃശ്ശൂർ ജില്ല

1. വേളക്കോട് വ്യവസായ വികസന പ്ലോട്ടിൽ മെ. സാന്ദ്ര ഫർണീച്ചറിനോട് ചേർന്ന് മറ്റ് യൂണിറ്റുകൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ കിടന്നിരുന്ന 3.385 സെന്റ് സ്ഥലം മെ. സാന്ദ്ര ഫർണീച്ചറിന് 30 വർഷത്തേക്ക് ലീസിന് നൽകിയിട്ടുണ്ട്.

2. വികസന പ്ലോട്ട് വേളക്കോടിന് റോഡിനായി സ്ഥലം നൽകിയതിനു പകരമായി 22 സെന്റ് സ്ഥലവും ഡിനോവയായ 1.54 ഏക്കർ ഭൂമിക്ക് ചുറ്റുമുള്ള 48 സെന്റ് സ്ഥലവും കൂടി ഉസ്മാൻ എന്ന വ്യക്തിക്ക് 2012-ൽ നൽകി.

3. വികസനപ്ലോട്ട് അത്താണിയിൽ മെ. സ്റ്റാൻഡേർഡ് സിറാമിക്സിനു അളന്നപ്പോൾ അധികമായി കണ്ടെത്തിയ 30 സെന്റ് സ്ഥലം നൽകിയിട്ടുണ്ട്.

4. അത്താണി വികസന പ്ലോട്ടിൽ 20 സെന്റ് സ്ഥലം തൃശ്ശൂർ ജില്ലാ ചെറുകിട വ്യവസായ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

Rhe